# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 343 | 23.08.2017- ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി. മൂലം ഹൃദ്രോഗ ചികിത്സാ ചെലവിലുണ്ടായ വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, എൽദോ എബ്രഹാം<br>,, വി.ആർ. സുനിൽ കുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നിലവിൽ വന്നതോടുകൂടി, പേസ് മേക്കർ ഉപയോഗിക്കുന്നതുൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ ചെലവുകൾ കാരുണ്യ ചികിത്സാ പദ്ധതിയുടെ പരിധിയിൽ നിന്നും പുറത്താകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചരക്ക് സേവന നികുതി പ്രകാരം പേസ് മേക്കറിന് എത്ര ശതമാനം നികുതിയാണ് നൽകേണ്ടതെന്നും അത് വിലയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാക്കിയെന്നും വ്യക്തമാക്കുമോ; | (ബി) | പേസ് മേക്കറിന് (HSN Code : 9021.50) 12% ആണ് നികുതി. പേസ് മേക്കർ വാറ്റ് നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരുന്നെങ്കിലും കേന്ദ്ര എക്സൈസ് ഡ്യൂട്ടി വിലയുടെ ഭാഗമായിരുന്നു. ആയതിനാൽ നിലവിൽ ജി.എസ്.ടി ചുമത്തിയത് വില കൂടുന്നതിന് കാരണമാവുകയില്ല. |
| (സി) | ചികിത്സാ ചെലവ് വലിയതോതിൽ വർദ്ധിച്ചത് കാരണം കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തെ സംരക്ഷിക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ? | (സി) | ജീവൻരക്ഷാമരുന്നുകൾക്കും ആയുർവേദ മരുന്നുകൾക്കും നികുതി 12% ൽ നിന്ന് കുറയ്ക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വകാര്യമേഖലയുൾപ്പെടെയുള്ള ആരോഗ്യസേവനം പൂർണ്ണമായും ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ